ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
ടെലിഫോൺ-0471-2300523,24,2302090
ഇ-മെയിൽ-director.mwd@gmail.com
വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം. MWD/625/2026-S തീയതി.03-11-2026

വിദേശ സർവ്വകലാശാലകളിൽ ബിരുദ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 2026-27 അപേക്ഷ ക്ഷണിക്കുന്നു.

വിജ്ഞാപനം

സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ **ബിരുദ കോഴ്സുകളിൽ** ഉന്നത വിദ്യാഭ്യാസം നേടുന്നതിന് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷകൾ ക്ഷണിക്കുന്നു.

വിദേശ സർവ്വകലാശാലകളിൽ പഠനത്തിനായി വിദ്യാർത്ഥികൾ ഷെഡ്യൂൾഡ്/കൊമേഴ്സ്യൽ ബാങ്കിൽ നിന്നോ, ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നോ എടുക്കുന്ന വിദ്യാഭ്യാസ വായ്പയുടെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

സംസ്ഥാനത്തിലെ സ്ഥിര താമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കാണ് ഈ സ്കോളർഷിപ്പിന് അർഹത.

ബി.പി.എൽ വിഭാഗത്തിൽപ്പെട്ട അപേക്ഷകരെ പരിഗണിച്ചതിനുശേഷം മാത്രമേ എ.പി.എൽ വിഭാഗത്തിൽപ്പെട്ട കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപ വരെയുള്ള വിദ്യാർത്ഥികളെ പരിഗണിക്കുകയുള്ളൂ.

കേരളത്തിലെ സ്ഥിരതാമസക്കാരായ/കേരളത്തിൽ ജനിച്ച ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. ***ഡിപ്ലോമ/പോസ്റ്റ് ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല. വിദേശത്ത് ഉപരി പഠനത്തിനായി മറ്റേതെങ്കിലും സർക്കാർ ധനസഹായമോ, സ്കോളർഷിപ്പുകളോ ഇതിനകം ലഭിച്ചിട്ടുള്ളവർക്കും ഈ സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല.***

www.mwdscholarship.kerala.gov.in **– എന്ന വെബ് സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.**

കൂടുതൽ വിവരങ്ങൾ 0471-2300523, 0471-2300524 എന്ന നമ്പറുകളിൽ ലഭ്യമാകുന്നതാണ്

അപേക്ഷിക്കേണ്ട രീതി:

1. *www.mwdscholarship.kerala.gov.in*–എന്ന വെബ് സൈറ്റിലെ "One-time registration."- ൽ ക്ലിക്ക് ചെയ്യുക
2. വെബ് സൈറ്റിൽ വിദ്യാർത്ഥിയുടെ പേര്, ആധാർ, ഫോൺ നമ്പർ തുടങ്ങിയ പ്രാഥമിക വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്ത ശേഷം ലോഗിൻ ചെയ്യുക.
3. വ്യക്തി വിവരങ്ങൾ, ബാങ്ക് അക്കൗണ്ട്, സ്ഥാപനത്തിന്റെ വിവരങ്ങൾ എന്നിവ നൽകി പ്രൊഫൈൽ പൂർത്തിയാക്കുക. ശേഷം 'Add Qualification' മുഖേന മുൻകാല വിദ്യാഭ്യാസ യോഗ്യതകൾ ചേർക്കുക.
4. 'Apply For Scholarship' എന്നതിൽ ക്ലിക്ക് ചെയ്ത് സ്കോളർഷിപ്പ് തിരഞ്ഞെടുക്കുക.
5. Photo, Signature, SSLC certificate, Income certificate, Bank passbook, Offer letter/Provisional letter, Bank transfer statement/fee receipt, Loan sanction letter, Passport - visa page/Emigration entry seal എന്നിവ അപ്ലോഡ് ചെയ്ത് അപേക്ഷ സമർപ്പിക്കുക.
6. അപേക്ഷ സമർപ്പിച്ചതിനു ശേഷം **'Submitted Applications' select** ചെയ്ത് അപേക്ഷയുടെ തൽസ്ഥിതി പരിശോധിക്കാവുന്നതാണ്.

അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ

1. അപേക്ഷയുടെ രജിസ്ട്രേഷൻ പ്രിന്റൗട്ട്.
2. എസ്.എസ്.എൽ.സി., പ്ലസ് ടു, വി.എച്ച്.എസ്.ഇ, തുടങ്ങിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ്.
3. വിദേശത്ത് സർവ്വകലാശാലകളിൽ പഠിക്കുന്നത്/പ്രവേശനം ലഭിച്ചത് തെളിയിക്കുന്ന രേഖകൾ (അഡ്മിഷന് കാർഡ്, കോഴ്സ് ഫീസ് ഒടുക്കിയതിന്റെ രസീത്, ഐ.ഡി.കാർഡ് എന്നീ രേഖകൾ)
4. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ് **(പേര്, അക്കൗണ്ട് നമ്പർ, IFSC കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടെ).**
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ആധാർ കാർഡിന്റെ പകർപ്പ്
7. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്/മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
8. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസിൽ നിന്ന്)
9. റേഷൻ കാർഡിന്റെ പകർപ്പ്
10. പാസ് പോർട്ടിന്റെ പകർപ്പ് &വിദേശ വിസയുടെ പകർപ്പ്
11. മറ്റു അനുബന്ധ രേഖകൾ

<u>അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ</u>

1. അപേക്ഷകൻ/അപേക്ഷക കേരള സംസ്ഥാനത്തിലെ ഏതെങ്കിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവരായിരിക്കണം. (മുസ്ലിം, ക്രിസ്ത്യൻ, സിഖ്, ജൈന, പാഴ്സി, ബുദ്ധ)
2. വിദേശത്ത് ഉപരി പഠനത്തിനായി വിദ്യാഭ്യാസ വായ്പ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ടി സ്കോളർഷിപ്പ് അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. അപേക്ഷകർ സ്വന്തം നിലയ്ക്ക് വിദ്യാഭ്യാസ വായ്പയ്ക്ക് അപേക്ഷിക്കുകയും യോഗ്യത നേടുകയും വേണം.
3. വിദേശ സർവ്വകലാശാലകളുടെ ഇന്ത്യൻ കേന്ദ്രങ്ങളിലോ ഇന്ത്യൻ സർവ്വകലാശാലകളും വിദേശ സർവ്വകലാശാലകളും സംയുക്തമായി നടത്തുന്ന സ്ഥാപനങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതല്ല.
4. അപേക്ഷകന് കേരളത്തിൽ സ്ഥിര താമസക്കാരായിരിക്കണം. പ്രവാസികൾക്ക് ഈ സ്കോളർഷിപ്പിന് അർഹതയില്ല.
5. 2026 ടൈംസ് ഹയർ എഡ്യൂക്കേഷൻ ലോക റാങ്കിംഗിൽ ഉൾപ്പെടുന്ന വിദേശ യൂണിവേഴ്സിറ്റികളിൽ അഡ്മിഷന് നേടുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ടി സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.
6. ഷെഡ്യൂൾഡ്/കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്ന് എടുത്തിട്ടുള്ള വായ്പ എടുത്ത അപേക്ഷകർക്ക് അവരുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് പരിശോധനയ്ക്ക് വിധേയമായും ബാങ്കിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റ് അനുസരിച്ചും സ്കോളർഷിപ്പ് തുക അനുവദിക്കുന്നതായിരിക്കും.
7. വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പിനായി വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് സംസ്ഥാനത്തിലെ ന്യൂനപക്ഷങ്ങളുടെ ജനസംഖ്യാനുപാതികമായും, ബി.പി.എൽ വിഭാഗത്തിനെ പ്രത്യേകം പരിഗണന നൽകിയും കുടുംബ വാർഷിക വരുമാനത്തിന്റെയും അടിസ്ഥാനത്തിലുമായിരിക്കും.
8. **അപേക്ഷകന്റെ/അപേക്ഷകയുടെ പരമാവധി പ്രായം 01-06-2026 അടിസ്ഥാനമാക്കി 35 വയസ്സിൽ താഴെയായിരിക്കണം.**
9. 2026-27 അദ്ധ്യയന വർഷത്തിൽ പ്രവേശനം നേടിയ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് പ്രഥമ പരിഗണന നൽകുന്നതാണ്. 2026-27 അദ്ധ്യയന വർഷത്തിൽ പ്രവേശനം നേടിയ ന്യൂനപക്ഷ വിദ്യാർത്ഥികളിൽ നിന്ന് മതിയായ അപേക്ഷകരില്ലെങ്കിൽ, 2025-26 അദ്ധ്യയന വർഷങ്ങളിൽ പ്രവേശനം നേടിയവരും നിലവിൽ 2026-27 അദ്ധ്യയന വർഷത്തിൽ, കോഴ്സിന്റെ തുടർ പഠനം നടത്തുന്നവരുമായ അപേക്ഷകരെ പരിഗണിക്കുന്നതാണ്.
10. മേൽ പരാമർശിച്ചതിൽ അർഹരായ വിദ്യാർത്ഥികൾ ഇല്ലാത്തപക്ഷം 2022-23 സാമ്പത്തിക വർഷത്തിലെ വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പിനത്തിൽ പലിശ ധനസഹായം കൈപ്പറ്റുകയും തുടർന്നുള്ള വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിക്കാത്തതുമായ ന്യൂനപക്ഷ

വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്.

11. സ്കോളർഷിപ്പിനായി തെരഞ്ഞെടുത്ത ശേഷം, വിദ്യാർത്ഥി കോഴ്സോ, യൂണിവേഴ്സിറ്റിയോ മാറ്റുകയോ അല്ലെങ്കിൽ തെറ്റായ വിവരങ്ങൾ ഹാജരാക്കി സ്കോളർഷിപ്പ് നേടിയാൽ സ്കോളർഷിപ്പ് റദ്ദാക്കുന്നതും തിരിച്ചു പിടിക്കുന്നതുമാണ്.
12. ഇന്ത്യ ഗവൺമെന്റ് പദ്ധതിയായ പഠോ പർദേശിന്റെ ആനുകൂല്യം ലഭിക്കുന്നവർക്കും, കേരള സർക്കാർ പിന്നോക്ക വിഭാഗ വികസന വകുപ്പ് അനുവദിക്കുന്ന ഓവർസീസ് സ്കോളർഷിപ്പ് ലഭിക്കുന്നതുമായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കും, വിദേശ ഉപരി പഠനത്തിനായി മറ്റേതെങ്കിലും വിദേശ സ്കോളർഷിപ്പുകൾ ലഭിക്കുന്നവർക്കും ഈ സ്കോളർഷിപ്പിന് അർഹരല്ല.
13. അപേക്ഷകർക്ക് ഏതെങ്കിലും ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ സ്വന്തം പേരില് അക്കൗണ്ട് ഉണ്ടായിരിക്കണം.
14. കോഴ്സുമായി ബന്ധപ്പെട്ട് പ്രവേശനം ലഭിക്കുന്ന യൂണിവേഴ്സിറ്റിയില് നിന്നോ മറ്റ് സർക്കാർ/അർധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ സ്കോളർഷിപ്പോ മറ്റ് തരത്തിലുള്ള ധനസഹായമോ ലഭിക്കുകയാണെങ്കിൽ പ്രസ്തുത വിശദാംശങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
15. അർഹരായ അപേക്ഷകരുടെ എണ്ണം, സ്കോളർഷിപ്പ് ഇനത്തിൽ ലഭ്യമായ ഫണ്ടിന് ആനുപാതികമായ എണ്ണത്തിലും അധികരിക്കുന്നുവെങ്കിൽ കുറഞ്ഞ കുടുംബ വാർഷിക വരുമാനത്തിന്റേയും പഠന വിഷയത്തിന്റേയും അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് എണ്ണം വകുപ്പ് പരിമിതപ്പെടുത്തുന്നതാണ്.
16. സ്കോളർഷിപ്പ് അനുവദിക്കുന്നതിനായുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച വിഷയങ്ങളിൽ സ്കോളർഷിപ്പ് (സെലക്ഷന് കമ്മിറ്റിയുടെ) തീരുമാനം അന്തിമമായിരിക്കും.

അവസാന തീയതി:

- വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി: **10.12.2026**
- ഓൺലൈൻ രജിസ്ട്രേഷൻ പ്രിന്റൌട്ടും മറ്റു അനുബന്ധ രേഖകളും ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ്, വികാസ് ഭവൻ, നാലാം നില, തിരുവനന്തപുരം- 33, എന്ന മേൽ വിലാസത്തിൽ **15.12.2026** തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

Digitally signed by
DEVIDAS N
Date: 03-11-2026
17:13:08

DEVIDAS N IAS
DIRECTOR